പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 739 04.03.2020-ൽ മറുപടിയ്ക്ക്.

വനാതിർത്തികളിൽ ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.വി. അൻവർ : | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ നിലമ്പൂർ നിയോജക മണ്ഡലത്തിൽ, പത്ത് കോടി രൂപ എസ്റ്റിമേറ്റ് കണക്കാക്കി ഇരുപത് ശതമാനം തുക വകയിരുത്തിയ വഴിക്കടവ്, മൂത്തേടം, അമരമ്പലം, കരുളായി, പോത്തുകൽ എന്നീ പഞ്ചായത്തുകളിലെ വനാതിർത്തികളിൽ ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | നിലമ്പൂർ നിയോജക മണ്ഡലത്തിലെ മൂത്തേടം ഗ്രാമപഞ്ചായത്തിന് കീഴിൽ വരുന്നതും നിലമ്പൂർ സൗത്ത് ഡിവിഷനിലെ കരുളായി റെയ്ഞ്ചിനു കീഴിലുള്ള പൂളക്കപ്പാറ - നമ്പൂരിപ്പൊട്ടി ഏര്യയിൽ 3.80 കി.മീറ്റർ നീളത്തിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് ചെയ്യുന്നതിന് കിഫ്ബി ഫേസ് II പദ്ധതിയിൽ ഉൾപ്പെടുത്തി സ.ഉ.(കൈ)നം.46/2018/വനം തീയതി 12/11/2018 ഉത്തരവ് പ്രകാരം 225.00 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിൽ 2,25,83,000/- രൂപയുടെ അടങ്കൽ സമർപ്പിച്ചിട്ടുണ്ട്, ആയത് പരിശോധിച്ചു വരുന്നു. വഴിക്കടവ്, അമരമ്പലം, കരുളായി, പോത്തുകൽ എന്നീ പഞ്ചായത്തുകൾക്ക് കീഴിൽ വനം വകുപ്പുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ പ്രവൃത്തികൾ നിലവിലില്ല. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി വനം വകുപ്പ് പദ്ധതി തയ്യാറാക്കി, ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | മേൽ പദ്ധതിയ്ക്ക് കിഫ്ബി ഫേസ് II പദ്ധതിയിൽ ഉൾപ്പെടുത്തി സ.ഉ.(കൈ) നം.2/2020/വനം തീയതി 23/01/2020 ഉത്തരവ് പ്രകാരം 225.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി അടങ്കലും സ്കെച്ചും പരിശോധിച്ച് വരികയാണ്. അടങ്കൽ അംഗീകരിച്ച് കിട്ടുന്ന മുറയ്ക്ക് നടപടി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ